# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**<u>സമന്വയം പദ്ധതി</u>**

*421 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള സമന്വയം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർക്ക് തുല്യനീതി ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) സമന്വയം പദ്ധതിയുടെ ഭാഗമായി ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്ക് ഓട്ടോമേറ്റഡ് സംവിധാനം</u>**

*422 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാഹ്യ ഇടപെടലുകൾ ഇല്ലാതെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് ഗതാഗതമേഖലയിൽ ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി വാഹനങ്ങൾ പരിശോധിക്കുന്നതിനായി കട്ട് ഓഫ് തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവർ ടെസ്റ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

## <u>വിദേശപഠന റിക്രൂട്ടിംഗ് ഏജൻസികൾ</u>

*423 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദേശപഠന റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസികൾ വ്യാജ വിവരങ്ങൾ നൽകി വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ഏജൻസികളുടെ ആധികാരികത പരിശോധിച്ച് അവയെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>കൃഷിയുമായി ബന്ധപ്പെട്ട യോഗങ്ങളുടെ ലൈവ് സ്ട്രീമിംഗ്</u>

*424 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതരത്തിൽ ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ ലൈവ് സ്ട്രീമിംഗ് ചെയ്യുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുന്നതിനും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ;

(സി) സംപ്രേഷണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സാധ്യമാണോ; ഇത് സർക്കാരിന്റെ നയരൂപീകരണ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായിക്കുമോ; വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.ക്കായി പുതിയ ബസ്സുകൾ വാങ്ങാൻ നടപടി</u>**

*425 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് പുതിയ ബസ്സുകൾ ഇല്ലാത്തത് കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര, സംസ്ഥാനാന്തര സർവ്വീസുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലേലം ചെയ്തു നൽകിയ പഴയ ബസ്സുകളുടെയും ഇതേ കാലയളവിൽ വാങ്ങിയ പുതിയ ബസ്സുകളുടെയും വിശദാംശം നൽകുമോ;

(സി) ദീർഘദൂര സർവ്വീസുകളുടെ ബ്രേക്ക് ഡൗൺ നിരക്ക് വർദ്ധിച്ചു വരുന്നത് ഒഴിവാക്കാൻ പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ തീർപ്പാക്കാൻ നടപടി</u>**

*426 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത നൂറ്റിയെൺപത് കോടിയോളം രൂപയുടെ ക്ലെയിമുകൾ ഇനിയും വിതരണം ചെയ്യാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കർഷക കടാശ്വാസ കമ്മീഷൻ ക്ലെയിമുകൾ നൽകുന്നതിന് അനുവദിച്ച തുക കുറവാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ക്ലെയിമുകൾ അടിയന്തരമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ഡിമെൻഷ്യാ ബോധവൽക്കരണം</u>**

*427 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായമായവരിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നമായ ഡിമെൻഷ്യ ബാധിച്ചവരെ കണ്ടെത്തി അനുയോജ്യമായ സേവനം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യപ്രശ്നം എന്നതിലുപരി ഇത് ഒരു സാമൂഹ്യപ്രശ്നമായിക്കണ്ട് ഡിമെൻഷ്യ പ്രതിരോധനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഡിമെൻഷ്യാ ബാധിതരിലെ ലക്ഷണങ്ങളും അവരുടെ സംരക്ഷണവും സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

## ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതി

*428 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കർഷകർക്ക് ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

## നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും

*429 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ഗണ്യമായി കുറഞ്ഞുവരുന്നു എന്നത് വസ്തുതയാണോ;

(ബി) 2009-10 കാലഘട്ടത്തിലെ നെല്ലുല്പാദനത്തേക്കാൾ നിലവിലെ നെല്ലുല്പാദനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) നെല്ലുല്പാദനവും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആശ്വാസ കിരണം പദ്ധതി

*430 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പദ്ധതിവിഹിതം വെട്ടിക്കുറച്ച നടപടി പിൻവലിച്ച് അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം കുടിശിക കൂടാതെ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സ്വകാര്യ സർവകലാശാലകളുടെ സ്പോൺസറിംഗ് ഏജൻസി</u>**

*431 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുമ്പോൾ സ്പോൺസറിംഗ് ഏജൻസിയ്ക്ക് അക്കാദമിക മുൻപരിചയം യോഗ്യതയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസമേഖലയെ പരിഷ്കരിക്കാനുള്ള നിയമനിർമ്മാണം കച്ചവട താത്പര്യങ്ങൾക്ക് വഴിമാറുമെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ദീർഘകാലമായി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് സ്വകാര്യ സർവകലാശാലകളുടെ സ്പോൺസറിംഗ് ഏജൻസികൾ ആകുന്നതിന് പ്രത്യേക പരിഗണന ലഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാ സൗകര്യം മെച്ചപ്പെടുത്താൻ നടപടി</u>**

*432 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സൗകര്യങ്ങളോടുകൂടിയ സൂപ്പർ ഫാസ്റ്റ് പ്രീമിയം എയർകണ്ടീഷൻഡ് ബസ്സ് സർവീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇവയിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലുള്ളതിനേക്കാൾ കൂടുതൽ ഇന്ധനക്ഷമതയോടുകൂടിയ എഞ്ചിനുകളുള്ള പുതിയ ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(സി) ബസ്സ് സർവീസ് മേഖലയിൽ കാര്യക്ഷമതയും യാത്രക്കാരുടെ യാത്രാനുഭവവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തത്സമയ ബസ്സ് ട്രാക്കിംഗ്, ഡിജിറ്റൽ പേയ്മെന്റ് രീതികൾ, മൊബൈൽ ടിക്കറ്റിംഗ് ഓപ്ഷനുകൾ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സ്പീഡ് പദ്ധതി</u>

*433 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. മുരളി പെരുനെല്ലി**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി മേഖലയിലെ പരിശീലന ബോധവത്കരണ പരിപാടികൾക്കായി സ്പീഡ് (സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് ഇൻ ഡിസെബിലിറ്റീസ്) എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്ക് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് അവബോധമുള്ള ചികിത്സകരെ കൂടുതലായി വാർത്തെടുക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## <u>ക്ഷീരമേഖലയിൽ വനിതാശക്തീകരണം</u>

*434 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിലെ സുസ്ഥിര ഉല്പാദന വർദ്ധനവിനായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെയും ക്ഷീരസംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ക്ഷീരമേഖലയിൽ വനിതാശക്തീകരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പാലുല്പാദനവും പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും നടത്താൻ വനിതാ സ്വാശ്രയ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ക്ഷീരമേഖലയിലെ ഫാം ലൈസൻസിംഗ് സംരംഭകസൗഹൃദമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>കൃഷിനാശം നേരിടാനുള്ള പ്രത്യേക പദ്ധതി</u>

*435 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എം. എം. മണി**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന സാഹചര്യങ്ങളെ നേരിടുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി വിത്തുകളുടെയും കാർഷികവിളകളുടെയും കരുതൽ ശേഖരം ഉണ്ടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി അനുസരിച്ച് കർഷകർക്ക് എന്തെല്ലാം പരിരക്ഷയാണ് ഉറപ്പാക്കുന്നത്; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ കാലാവസ്ഥാനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**മുട്ടയുടെയും ഇറച്ചിയുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത**</u>

*436 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പാല്, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാൻ സബ്സിഡി നിരക്കിൽ ഉരുക്കളെയും മറ്റും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>**ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് സമഗ്ര പരിരക്ഷ**</u>

*437 **ശ്രീ. എം.വിജിൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് സമഗ്ര പരിരക്ഷ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേർക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക 'മിഠായി' സാറ്റലൈറ്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## കായിക സംഘടനകൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം

*438 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക സംഘടനകൾക്ക് ജില്ലാ-സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകൾക്കുള്ള കോച്ചിംഗിനായും ഗ്രാന്റ് അനുവദിക്കാറുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം അനുവദിക്കുന്ന ഗ്രാന്റ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഫണ്ടുകൾ അനുവദിക്കപ്പെടുന്ന ആവശ്യങ്ങൾക്കായിത്തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## വിദേശ സർവകലാശാലയുമായുള്ള സംയുക്ത ഗവേഷണം

*439 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരം ആർജ്ജിക്കുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ പരിവർത്തനം ചെയ്യുന്നതിന് വിദേശ സർവകലാശാലകളുമായുള്ള സഹകരണം എത്ര മാത്രം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ ആർജ്ജിച്ച നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ ഗവേഷണ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) വിദേശ സർവകലാശാലകളുമായി സംയുക്തഗവേഷണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചതിന് ശേഷമുണ്ടായ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കലാലയങ്ങളും സർവകലാശാലകളും നൂറു ശതമാനം ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുടെ സ്ഥിതിയെന്താണെന്നും അതുവഴി മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾക്കുള്ള സൗകര്യങ്ങൾ എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യകതമാക്കുമോ;

(ഇ) വിദേശ സർവകലാശാലകളുമായുള്ള സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ വഴി എത്രത്തോളം നേട്ടം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>സേഫ് ട്ട ഈറ്റ് മാംസോൽപ്പന്നങ്ങൾ</u>

*440 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാംസാഹാരത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാംസത്തിന്റേയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും സർട്ടിഫിക്കേഷനും ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സേഫ് ട്ട ഈറ്റ് മാംസോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ട്രാറ്റജിക് പ്ലാനിൽ വനിതാ സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>യു.ജി.സി. കരട് ചട്ടഭേദഗതിക്കെതിരെ നടത്തിയ ദേശീയ കൺവെൻഷൻ</u>

*441 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട യു.ജി.സി. കരട് നയത്തിലെ തെറ്റായ വ്യവസ്ഥകൾക്കെതിരെ സംഘടിപ്പിച്ച ദേശീയ കൺവെൻഷനിൽ സംസ്ഥാന സർക്കാരുമായി യോജിച്ച് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ ഭരണാധികാരം അതത് സംസ്ഥാനങ്ങൾക്ക് തന്നെ തുടരാൻ അനുവദിക്കണമെന്ന പൊതുവായ ആവശ്യം ഉയർന്നുവന്നിരുന്നോ; വ്യക്തമാക്കുമോ;

(ബി) ദേശീയ കൺവെൻഷനിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖരാണ് പങ്കെടുത്തതെന്ന് അറിയിക്കാമോ;

(സി) സർവ്വകലാശാലകളുടെ അക്കാദമിക സ്വയംഭരണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമം യു.ജി.സി. ഉപേക്ഷിക്കണമെന്നും കരാർ നിയമനം, ഗസ്റ്റ് ഫാക്കൽറ്റി നിയമനം, വിസിറ്റിംഗ് ഫാക്കൽറ്റി നിയമനം എന്നിവയിൽ കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്നുമുള്ള അഭിപ്രായം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) യു.ജി.സി.യുടെ കരട് ചട്ടഭേദഗതിയിലൂടെ സർവ്വകലാശാലകളെ കാവിവൽക്കരിക്കാനുള്ള ശ്രമത്തിനെതിരെയുള്ള പ്രതിരോധമായി ദേശീയ കൺവെൻഷൻ മാറിയിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം തുടർനടപടികളുമായി മുന്നോട്ടുപോകാനാണ് ധാരണയായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വന്യമൃഗാക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾക്ക നാശനഷ്ടം

*442 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുകയും ഗുരുതരമായി മുറിവേൽക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങളിൽ കർഷകർക്കുള്ള ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വനപ്രദേശത്തോടു ചേർന്ന പ്രദേശങ്ങളിൽ മേയുന്നതിനായി വിടുന്ന കന്നുകാലികളും മറ്റ് വളർത്തു മൃഗങ്ങളും വിഷപാമ്പുകളുടെ കടിയേറ്റ് ചാകുന്നതായി റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കർഷകരെ ബോധവൽക്കരിക്കുന്നതിനും വളർത്തുമൃഗങ്ങളുടെ നാശനഷ്ടം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വിജയാമൃതം പദ്ധതി

*443 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി ജോയി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയനുസരിച്ച് ധനസഹായം ലഭ്യമാക്കിയതിന്റെ വിശദാംശം നൽകുമോ;

(സി) ബിരുദ, ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം നേടുന്ന ഭിന്നശേഷിക്കാർക്കായി 'വിജയാമൃതം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മിഠായി പദ്ധതി

*444 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ച കുട്ടികൾക്ക് നൽകിവരുന്ന ചികിത്സാ സഹായമായ 'മിഠായി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകേണ്ട തുകയിൽ കുടിശികയുണ്ടോ; എങ്കിൽ അത് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## മണ്ണ് പരിപാലനത്തിനുള്ള പദ്ധതികൾ

*445 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക പുരോഗതിക്ക് മണ്ണ് പരിപാലനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് എന്തെല്ലാം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വിശദമാക്കുമോ;

(ബി) മണ്ണൊലിപ്പ് തടയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, മണ്ണിന്റെ ശാസ്ത്രീയ ഡാറ്റാ ബേസ് തയ്യാറാക്കൽ, വെള്ളപ്പൊക്ക നിയന്ത്രണം തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കർഷകർക്ക് മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നതിനുള്ള സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബ് സൗകര്യം ലഭ്യമാണോ; വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനം

*446 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നറിയിക്കുമോ; വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട്

*447 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പി.പി.ആർ.ഐ.) തയാറാക്കിയ റിപ്പോർട്ടിൽ ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർ കരസ്ഥമാക്കിയ വിദ്യാഭ്യാസ നേട്ടങ്ങളിൽ കേരളം ദേശീയ ശരാശരിയിൽ മുന്നിലാണോ; വിശദാംശം നൽകാമോ;

(സി) ഏതുതരം വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പി.പി.ആർ.ഐ. റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>**നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**</u>

*448 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നിന്നും നടപ്പ് സാമ്പത്തികവർഷത്തിൽ നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണത്തിൽ അമ്പത് ശതമാനത്തോളം കുറവ് വരുത്തിയതിന്റെ കാരണം വിശദമാക്കുമോ;

(സി) നാളികേര സംഭരണകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പദ്ധതി**</u>

*449 **ശ്രീ. ആന്റണി ജോൺ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജാദാന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ തിരഞ്ഞെടുത്ത് ജനിതക മികവ് കണ്ടെത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

ജീനോമിക് ലാബ് സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; ഇതിലൂടെ എന്തെല്ലാമാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

**ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി**

*450 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ എത്ര ശതമാനം ഈ മാർഗ്ഗത്തിലൂടെ ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 12, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].